**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 734** **09-08-2023 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തെരുവ് വിളക്കുകളുടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനുമായി നടപ്പിലാക്കിയ നിലാവ് പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | തെരുവ് വിളക്കുകളുടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും ആയി നടപ്പിലാക്കിയ നിലാവ് പദ്ധതി നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന 10.5 ലക്ഷം എൽഇഡി സ്ട്രീറ്റ് ലൈറ്റുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യകതയനുസരിച്ച് 3.72 ലക്ഷം എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ EESL എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം വഴി വാങ്ങുകയും അവയിൽ 3,64,653 എൽഇഡി സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ ആവശ്യകതയനുസരിച്ച് 47,062 എണ്ണം എൽഇഡി സ്ട്രീറ്റ്ലൈറ്റുകൾക്ക് ലെറ്റർ ഓഫ് ഇൻഡൻറ് EESL-ന് നൽകിയിട്ടുണ്ട്. ആയവ ലഭ്യമാകുന്ന മുറയ്ക്ക് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതാണ്. ടി പദ്ധതിയിൽ കേരളമൊട്ടാകെ 697 പഞ്ചായത്തുകളും 47 മുനിസിപ്പാലിറ്റികളും പങ്കുചേർന്നിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വഴി രൂപപ്പെടുത്തിയ നിലാവ് പോർട്ടൽ മുഖാന്തിരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യകത രേഖപ്പെടുത്തി KSEBL-മായി സംയുക്ത സ്ഥല പരിശോധന നടത്തി പ്രായോഗികതയുടെ അടിസ്ഥാനത്തിൽ EESL എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം വഴി വാങ്ങി LED വിളക്കുകൾ സ്ഥാപിച്ചുവരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>അത്തോളി, ചേളന്നൂർ, കടലുണ്ടി, കക്കൂർ, കുന്നമംഗലം, മടവൂർ, മാവൂർ, നരിക്കുനി, ഒളവണ്ണ, പെരുമണ്ണ, പുതുപ്പാടി, തിരുവമ്പാടി, കൂടരഞ്ഞി, പെരുവയൽ, കിഴക്കോത്ത്, ഓമശ്ശേരി, അഴിയൂർ, ചോറോട്, ചെങ്ങോട്ട്കാവ്, ഒഞ്ചിയം, ഏറാമല, |

| | | | |
|---|---|---|---|
| | | | വില്ല്യാപ്പള്ളി, മൂടാടി, ആയഞ്ചേരി, മണിയൂർ, അരിക്കുളം, പുറമേരി, മേപ്പയ്യൂർ, കീഴരിയൂർ, കുന്നുമ്മൽ, കുറ്റ്യാടി, പേരാമ്പ്ര |

സെക്ഷൻ ഓഫീസർ